# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## മരിയാപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**ഇടുക്കി-685584**

**ഇ-മെയിൽ: doidk.ksad@kerala.gov.in**

**ഫോൺ : 04862-227332**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.-ഐ.ഡി.കെ-11/373/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 09/05/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മരിയാപുരം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.-ഐ.ഡി.കെ-11/373/2021 തീയ്യതി: 09/05/2021

## ഇടുക്കി ജില്ലയിലെ മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-07-2019 മുതൽ 07-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബേബി സനൂജ | ഡെപ്യൂട്ടി ഡയറക്ടർ | 01-03-2021 | 12-03-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 01-03-2021 | 02-03-2021 |
| 08-03-2021 | 12-03-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ എം കെ മധുസൂദനൻ നായർ, എ ഒ
ശ്രീ വി ജി സജിമോൻ എ ഒ
ശ്രീ എം എസ് രാജീവ്, എ ഒ
ശ്രീ മുഹ്സിൻ ഫൈസൽ അസി ഓഡിറ്റ് ഓഫീസർ
ശ്രീ എം കെ അഭിലാഷ് അസി ഓഡിറ്റ് ഓഫീസർ
ശ്രീ ജോസഫ് ചാക്കോ, അസി ഓഡിറ്റ് ഓഫീസർ
ശ്രീ മേജോ കെ ജോർജ്, സീ ഗ്രേഡ് ഓഡിറ്റർ
ശ്രീ എബി എബ്രഹാം, സീ ഗ്രേഡ് ഓഡിറ്റർ
ശ്രീ ജോമോൻ ഫ്രാൻസീസ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഡോളി ജോസ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ വിനുകുമാർ എസ് പി | സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി ചിത്രലേഖ ജി | അസി എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ശ്രീ യു എം അനിൽകുമാർ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ ജിതേഷ് തങ്കപ്പൻ | മെഡിക്കൽ ഓഫീസർ | 01-04-2019 | 29-01-2020 |
| ഡോ അരുൺ എസ് ദത്ത് | മെഡിക്കൽ ഓഫീസർ | 30-01-2020 | 31-03-2020 |
| ശ്രീമതി മേരിക്കുട്ടി മൈക്കിൾ | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ശ്രീമതി ജ്യോതിമോൾ എം വി | വി ഇ ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി ജോളി കെ പി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ഷീനാ എം കെ | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2019 | 25-11-2019 |
| ഡോ ഡിജി റ്റി ഡി | മെഡിക്കൽ ഓഫീസർ ആയുർവേദം | 26-11-2019 | 06-12-2019 |
| ഡോ ക്രിസ്റ്റ് ജെ | മെഡിക്കൽ ഓഫീസർ ആയുർവേദം | 07-12-2019 | 31-03-2020 |
| ഡോ ലക്ഷ്മി വി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 31-03-2020 |
| ശ്രീ ബിനാഷ് തോമസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |

.

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Majo K George (Asst. Audit Officer, On 16-04-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 29-04-2021) | 1-1 |
| 2 | സ്റ്റാന്റിംങ് കമ്മിറ്റികൾ ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചിട്ടില്ല<br>Written By: Majo K George (Asst. Audit Officer, On 16-04-2021)<br>Last Updated By: V G Sajimon (Audit Officer, On 29-04-2021) | 1-1-1 |
| 3 | നടപടിക്രമങ്ങൾ പാലിക്കാതെ പരിഷ്കരിച്ച ബജറ്റ് പാസാക്കി<br>Written By: Majo K George (Asst. Audit Officer, On 16-04-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 29-04-2021) | 1-1-2 |
| 4 | ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ വ്യതിയാനം-ബജറ്റ് അവലോകനം നടത്തുന്നില്ല<br>Written By: Majo K George (Asst. Audit Officer, On 16-04-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 29-04-2021) | 1-1-3 |
| 5 | വാർഷികധനകാര്യപത്രിക<br>Written By: Majo K George (Asst. Audit Officer, On 16-04-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 29-04-2021) | 1-2 |
| 6 | ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിപാലിക്കുന്നില്ല<br>Written By: Majo K George (Asst. Audit Officer, On 20-04-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 29-04-2021) | 1-3 |
| 7 | ഗ്രാന്റ് വിനിയോഗം<br>Written By: Majo K George (Asst. Audit Officer, On 17-04-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 29-04-2021) | 1-4 |
| 8 | പൊതുവിഭാഗ വികസന ഫണ്ട് പൂർണ്ണമായും ചെലവഴിച്ചില്ല<br>Written By: Majo K George (Asst. Audit Officer, On 17-04-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 29-04-2021) | 1-4-1 |
| 9 | പ്രത്യേക ഘടകപദ്ധതി ഗ്രാന്റ് പൂർണ്ണമായും ചെലവഴിച്ചില്ല<br>Written By: Majo K George (Asst. Audit Officer, On 17-04-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 29-04-2021) | 1-4-2 |
| 10 | റോഡ് മെയിന്റനൻസ് ഗ്രാന്റ് പൂർണ്ണമായും ചെലവഴിച്ചില്ല<br>Written By: Majo K George (Asst. Audit Officer, On 17-04-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 29-04-2021) | 1-4-3 |
| 11 | റോഡിതര മെയിന്റനൻസ് ഗ്രാന്റ് പൂർണ്ണമായും ചെലവഴിച്ചില്ല<br>Written By: Majo K George (Asst. Audit Officer, On 17-04-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 29-04-2021) | 1-4-4 |
| 12 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ<br>Written By: Majo K George (Asst. Audit Officer, On 17-04-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 29-04-2021) | 1-4-5 |
| 13 | വാർഷിക പദ്ധതി അവലോകനം<br>Written By: V G Sajimon (Audit Officer, On 13-03-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 29-04-2021) | 1-5 |
| 14 | രജിസ്റ്ററുകളുടെ പരിപാലനം<br>Written By: Majo K George (Asst. Audit Officer, On 17-04-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 29-04-2021) | 1-6 |
| 15 | ഡെപ്പോസിറ്റ് രജിസ്റ്റർ<br>Written By: Majo K George (Asst. Audit Officer, On 17-04-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 29-04-2021) | 1-6-1 |
| 16 | മുൻകൂർ രജിസ്റ്റർ<br>Written By: Majo K George (Asst. Audit Officer, On 17-04-2021)<br>Last Updated By: V G Sajimon (Audit Officer, On 29-04-2021) | 1-6-2 |
| 17 | റിക്കവറി രജിസ്റ്ററുകൾ | 1-6-3 |

| | | |
|---|---|---|
| | Written By: Majo K George (Asst. Audit Officer, On 17-04-2021)<br>Last Updated By: V G Sajimon (Audit Officer, On 29-04-2021) | |
| 18 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ<br>Written By: Majo K George (Asst. Audit Officer, On 17-04-2021)<br>Last Updated By: V G Sajimon (Audit Officer, On 29-04-2021) | 1-6-4 |
| 19 | സ്റ്റോക്ക് രജിസ്റ്റർ<br>Written By: Majo K George (Asst. Audit Officer, On 17-04-2021)<br>Last Updated By: Marun Mathew (Asst. Audit Officer, On 09-05-2021) | 1-6-5 |
| 20 | ആസ്തി രജിസ്റ്റർ<br>Written By: Majo K George (Asst. Audit Officer, On 17-04-2021)<br>Last Updated By: V G Sajimon (Audit Officer, On 29-04-2021) | 1-6-6 |
| 21 | ക്യാഷ് പരിശോധന<br>Written By: Majo K George (Asst. Audit Officer, On 20-04-2021)<br>Last Updated By: V G Sajimon (Audit Officer, On 29-04-2021) | 1-7 |
| 22 | സാമൂഹ്യ സുരക്ഷാ പെൻഷൻ<br>Written By: Muhsin Faisal (Asst. Audit Officer, On 20-04-2021)<br>Last Updated By: V G Sajimon (Audit Officer, On 29-04-2021) | 1-8 |
| 23 | വസ്തു നികുതി-വാർഷിക കണക്കുകളും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Majo K George (Asst. Audit Officer, On 26-04-2021)<br>Last Updated By: V G Sajimon (Audit Officer, On 29-04-2021) | 1-9 |
| 24 | കൃഷി ഓഫീസർ രസീത് ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല<br>Written By: Jomon Francis (Senior Grade Auditor, On 10-03-2021)<br>Last Updated By: V G Sajimon (Audit Officer, On 29-04-2021) | 1-10 |
| 25 | ലൈസൻസ് അനുവദിക്കുന്നതിലെ അപാകതകൾ<br>Written By: Eby Abraham (Senior Grade Auditor, On 10-03-2021)<br>Last Updated By: V G Sajimon (Audit Officer, On 29-04-2021) | 1-11 |
| 26 | വസ്തു നികുതി- നികുതി നിർണ്ണയിച്ചതിൽ കുറവ്<br>Written By: Eby Abraham (Senior Grade Auditor, On 10-03-2021)<br>Last Updated By: V G Sajimon (Audit Officer, On 29-04-2021) | 1-12 |
| 27 | കൃഷി ഓഫീസർ - പദ്ധതികളുടെ ഫയലുകൾ ഹാജരാക്കിയില്ല<br>Written By: Joseph Chacko (Asst. Audit Officer, On 09-03-2021)<br>Last Updated By: V G Sajimon (Audit Officer, On 29-04-2021) | 1-13 |
| 28 | ആയർവേദ മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല<br>Written By: Joseph Chacko (Asst. Audit Officer, On 09-03-2021)<br>Last Updated By: V G Sajimon (Audit Officer, On 29-04-2021) | 1-14 |
| 29 | ഗ്രാമസഭാ സംഘാടനം<br>Written By: V G Sajimon (Audit Officer, On 13-03-2021)<br>Last Updated By: V G Sajimon (Audit Officer, On 29-04-2021) | 1-15 |
| 30 | വരവുകളുടെ വിവരം ലഭ്യമല്ല<br>Written By: Majo K George (Asst. Audit Officer, On 26-04-2021)<br>Last Updated By: V G Sajimon (Audit Officer, On 29-04-2021) | 1-16 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jomon Francis (Senior Grade Auditor, On 09-03-2021)<br>Last Updated By: V G Sajimon (Audit Officer, On 29-04-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jomon Francis (Senior Grade Auditor, On 09-03-2021)<br>Last Updated By: V G Sajimon (Audit Officer, On 29-04-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jomon Francis (Senior Grade Auditor, On 09-03-2021) | 4-3 |

| | | |
|---|---|---|
| | Last Updated By: V G Sajimon (Audit Officer, On 29-04-2021) | |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jomon Francis (Senior Grade Auditor, On 09-03-2021)<br>Last Updated By: V G Sajimon (Audit Officer, On 29-04-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jomon Francis (Senior Grade Auditor, On 09-03-2021)<br>Last Updated By: Marun Mathew (Asst. Audit Officer, On 09-05-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jomon Francis (Senior Grade Auditor, On 09-03-2021)<br>Last Updated By: V G Sajimon (Audit Officer, On 29-04-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jomon Francis (Senior Grade Auditor, On 09-03-2021)<br>Last Updated By: V G Sajimon (Audit Officer, On 29-04-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jomon Francis (Senior Grade Auditor, On 09-03-2021)<br>Last Updated By: V G Sajimon (Audit Officer, On 29-04-2021) | 4-8 |
| 9 | 9ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jomon Francis (Senior Grade Auditor, On 09-03-2021)<br>Last Updated By: V G Sajimon (Audit Officer, On 29-04-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jomon Francis (Senior Grade Auditor, On 09-03-2021)<br>Last Updated By: V G Sajimon (Audit Officer, On 29-04-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jomon Francis (Senior Grade Auditor, On 09-03-2021)<br>Last Updated By: V G Sajimon (Audit Officer, On 29-04-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

07.02.2019 ൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകരിച്ച 2019-20 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിച്ച് 28.02.2019ലെ 1-1 തീരുമാന പ്രകാരം അംഗീകാരം നേടി. ₹137,382,074/- വരവും ₹137,312,166/- ചെലവും ₹623,374/- രൂപ മിച്ചവും വരുന്ന പരിഷ്കരിച്ച ബജറ്റ് 28.02.2020ലെ 3-1 തീരുമാന പ്രകാരം അംഗീകരിച്ചു. 20.02.2020ലെ 2-1 തീരുമാന പ്രകാരം പരിഷ്കരിച്ച ബജറ്റ് ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

### 1-1-1 സ്റ്റാന്റിംങ് കമ്മിറ്റികൾ ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചിട്ടില്ല

സർക്കാർ അതതുസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15നു മുമ്പായി ബന്ധപ്പെട്ട സ്റ്റാന്റിങ് കമ്മിറ്റികൾ, സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ് [സെക്ഷൻ 214 (1)]. നിർവ്വഹണ ഉദ്യോഗസ്ഥരും സ്റ്റാന്റിങ് കമ്മിറ്റികളും ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചിട്ടില്ല.

### 1-1-2 നടപടിക്രമങ്ങൾ പാലിക്കാതെ പരിഷ്കരിച്ച ബജറ്റ് പാസാക്കി

ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റ് എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ടു വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ, പഞ്ചായത്ത് 2019-20 ലെ പുതുക്കിയ ബജറ്റ് തയ്യാറാക്കിയെങ്കിലും പുതുക്കിയ പ്രൊപ്പോസലുകൾ സ്വീകരിച്ചിട്ടില്ല.

### 1-1-3 ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ വ്യതിയാനം-ബജറ്റ് അവലോകനം നടത്തുന്നില്ല

2019-20ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. പ്രധാന വരവ് ചെലവ് വിഭാഗങ്ങളിലെയും അവയിൽ വരുന്ന പ്രധാന ഉപ ഇനങ്ങളുടെയും ബജറ്റ് പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവുമുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | | ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് | വ്യത്യാസം |
|---|---|---|---|---|---|
| 1 | | നികുതി വരവുകൾ | 2450000 | 2268208 | 181792 |
| | എ | വസ്തുനികുതി | 1750000 | 1652408 | 97592 |
| | ബി | തൊഴിൽ നികുതി | 700000 | 615800 | 84200 |
| 2 | | നികുതിയേതര വരവുകൾ | 1114000 | 182552 | 931448 |
| | എ | വാടക കെട്ടിടങ്ങൾ | 180000 | 182252 | -2252 |
| | ബി | ലൈസൻസ് | 150000 | 84300 | 65700 |
| 3 | | പൊതു ഉദ്ദേശ്യ ഗ്രാന്റ് | 8000000 | 5277800 | 2722200 |
| 4 | | വികസന ഫണ്ട് | 15185584 | 22124195 | -6938611 |

| | | | | | |
|---|---|---|---|---|---|
| 5 | | സംരക്ഷണ ഗ്രാന്റ് | 10072000 | 9407100 | 664900 |
| 6 | | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 9420000 | 7724962 | 1695038 |
| 7 | | ഭരണ ചെലവുകൾ | 850000 | 1311880 | -461880 |
| 8 | | ഓപ്പറേഷൻസ് & മെയിന്റനൻസ് | 635000 | 787018 | -152018 |
| 9 | | പ്ലാൻ-ഉല്പാദന മേഖല | 4657208 | 1792299 | 2864909 |
| 10 | | പ്ലാൻ-സേവന മേഖല | 74053318 | 54060822 | 19992496 |
| 11 | | പ്ലാൻ-പശ്ചാത്തല മേഖല | 7756000 | 3872806 | 3883194 |
| 12 | | പ്ലാൻ-മേഖല വിഭജനത്തിൽ ഉൾപ്പെടാത്തത് | 380000 | 2126462 | -1746462 |
| 13 | | മെയിന്റനൻസ് പ്രോജക്ടുകൾ | 1555000 | 3885364 | -2330364 |

കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 04.06.2020 | - | - |

## 1-3 ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിപാലിക്കുന്നില്ല

ജേണൽ വൗച്ചർ പ്രകാരം വാർഷിക കണക്കുകളിൽ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ, ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും പരിപാലിക്കുന്നില്ല.

| ക്രമ നം | ഹെഡ് | വൗച്ചർ നം | തിയതി | തുക |
|---|---|---|---|---|
| 1 | 320100115 | 41900295 | 31.03.2020 | 1460867 |
| 2 | 320100121 | 41900049 | 25.06.2019 | 362528 |
| 3 | 320300199 | 41900302 | 31.03.2020 | 3300000 |
| 4 | 280100101 | 41900294 | 31.03.2020 | -43 |
| 5 | 280100102 | 41900304 | 31.03.2020 | -2500 |
| 6 | 280200101 | 41900306 | 31.03.2020 | -1500 |
| 7 | 280600101 | 21900238 | 31.03.2020 | 13333 |
| 8 | 280800101 | 41900036 | 31.03.2020 | 8316 |
| 9 | 280800301 | 21900592 | 17.04.2019 | 73458 |
| 10 | 280800301 | 21901125 | 31.03.2020 | 48675 |
| 11 | 280800701 | 41900050 | 31.03.2020 | 1081 |

ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും ഹാജരാക്കേണ്ടതാണ്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 13859000 | 13859000 | 7678831 | 6180169 | |
| വികസനഫണ്ട് (SCP) | 0 | 1376859 | 1376859 | 472106 | 904753 | |
| വികസനഫണ്ട് (TSP) | 0 | 115666 | 115666 | 115592 | 74 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 0 | 0 | 0 | 0 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 6772670 | 6772670 | 3018797 | 3753873 | |
| ലോകബാങ്ക് സഹായം | 0 | 0 | 0 | 0 | 0 | |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 6156000 | 6156000 | 3904262 | 2251738 | |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 3251100 | 3251100 | 2194281 | 1056819 | |
| പ്രത്യേക ഗ്രാന്റ് | 0 | 0 | 0 | 0 | 0 | |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ (ഇനം തിരിച്ച്) | 0 | 0 | 0 | 0 | 0 | |
| എം.എൽ.എ ഫണ്ട് | 299445 | 0 | 299445 | 0 | 299445 | |
| കേരളോത്സവം | 0 | 20000 | 20000 | 20000 | 0 | |
| മഴക്കാല പൂർവ്വ ശുദ്ധീകരണം | 25981 | 125000 | 150981 | 0 | 150981 | |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ(ഇനം തിരിച്ച്) | 0 | 0 | 0 | 0 | 0 | |
| തൊഴിലുറപ്പ്-ഭരണ ചെലവുകൾ | 2949 | 1923529 | 1926478 | 1886537 | 39941 | |
| 100 ദിവസം ബോണസ് | 0 | 427000 | 427000 | 427000 | 0 | |
| തൊഴിലാളികളുടെ കൂലി | 0 | 20669000 | 20669000 | 20669000 | 0 | |
| മെറ്റീരിയൽ വാടക | | 2837000 | 2837000 | 2837000 | 0 | |
| ഐ.സി.ഡി.എസ് | 362528 | 4800 | 367328 | 362528 | 4800 | |
| സമ്പൂർണ്ണ ശുചിത്വം | 3075948 | 12000 | 3087948 | 1460867 | 1627081 | |
| സ്വച്ഛ് ഭാരത് | 391544 | 30000 | 421544 | 0 | 421544 | |

### 1-4-1 പൊതുവിഭാഗ വികസന ഫണ്ട് പൂർണ്ണമായും ചെലവഴിച്ചില്ല

പൊതു വിഭാഗം വികസന ഫണ്ട് വിഹിതമായ ₹13859000/- ൽ 2019-20 സാമ്പത്തിക വർഷം ₹7678831/- ചെലവഴിച്ചിട്ടുണ്ട്. സാമ്പത്തിക വർഷാവസാനത്തിൽ ക്യൂ ബില്ലിൽ ഉൾപ്പെട്ട ₹6151986/- കൂടി ചേർത്തുള്ള ചെലവ് ₹13830817/- ആണ്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുവാൻ സാധിക്കാത്തതിനാൽ ₹28183/- ലാപ്സായി.

### 1-4-2 പ്രത്യേക ഘടകപദ്ധതി ഗ്രാന്റ് പൂർണ്ണമായും ചെലവഴിച്ചില്ല

പട്ടികജാതി വിഭാഗം വികസന ഫണ്ട് വിഹിതമായ ₹1376859/- ൽ 2019-20 സാമ്പത്തിക വർഷം ₹472106/-ചെലവഴിച്ചിട്ടുണ്ട്. സാമ്പത്തിക വർഷാവസാനത്തിൽ ക്യൂ ബില്ലിൽ ഉൾപ്പെട്ട ₹595314/- കൂടി

ചേർത്തുള്ള ചെലവ് ₹1067420/- ആണ്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുവാൻ സാധിക്കാത്തതിനാൽ ₹309439/- ലാപ്സായി.

**1-4-3 റോഡ് മെയിൻ്റനൻസ് ഗ്രാൻ്റ് പൂർണ്ണമായും ചെലവഴിച്ചില്ല**

റോഡ് മെയിൻ്റനൻസ് ഗ്രാൻ്റ് വിഹിതമായ ₹6156000/- ൽ 2019-20 സാമ്പത്തിക വർഷം ₹3904262/- ചെലവഴിച്ചിട്ടുണ്ട്. സാമ്പത്തിക വർഷാവസാനത്തിൽ ക്യൂ ബില്ലിൽ ഉൾപ്പെട്ട ₹99287/- കൂടി ചേർത്തുള്ള ചെലവ് ₹4003549/- ആണ്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുവാൻ സാധിക്കാത്തതിനാൽ ₹2152451/- ലാപ്സായി.

**1-4-4 റോഡിതര മെയിൻ്റനൻസ് ഗ്രാൻ്റ് പൂർണ്ണമായും ചെലവഴിച്ചില്ല**

റോഡിതര മെയിൻ്റനൻസ് ഗ്രാൻ്റ് വിഹിതമായ ₹3251100/- ൽ 2019-20 സാമ്പത്തിക വർഷം ₹2194281/- ചെലവഴിച്ചിട്ടുണ്ട്. സാമ്പത്തിക വർഷാവസാനത്തിൽ ക്യൂ ബില്ലിൽ ഉൾപ്പെട്ട ₹899969/- കൂടി ചേർത്തുള്ള ചെലവ് ₹3094250/- ആണ്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുവാൻ സാധിക്കാത്തതിനാൽ ₹156850/- ലാപ്സായി.

**1-4-5 ഗ്രാൻ്റ് സ്റ്റേറ്റ്മെൻ്റിലെ അപാകങ്ങൾ**

*വിവിധ ഗ്രാൻ്റുകളുടെ കൺസോളിഡേറ്റഡ് അബ്സ്ട്രാക്റ്റിൽ ആകെ അലോക്കേഷൻ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ, ബാലൻസ് (-) ആണ് കാണിക്കുന്നത്.

*ഗ്രാമപഞ്ചായത്തിൽ ലഭ്യമാക്കിയ പ്ലാൻ ചെലവ് പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ പത്രിക എന്നിവയിലെ തുകകളും ഗ്രാൻ്റ് പത്രികയിലെ അലോക്കേഷനും വ്യത്യാസപ്പെട്ടിരിക്കുന്നു.

*സംസ്ഥാനാവിഷ്കൃത പദ്ധതി വിവരങ്ങൾ നൽകിയിട്ടില്ല. (ഗ്രാമപഞ്ചായത്ത് കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതി വിവരം സാംഖ്യ വെബിൽ നൽകിയിട്ടുണ്ട്.)

*കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതി വിവരങ്ങൾ ഓരോ ഫണ്ട് തിരിച്ച് പ്രത്യേകമായി നൽകിയിട്ടില്ല.

**1-5 വാർഷിക പദ്ധതി അവലോകനം**

എ) പദ്ധതി ആസൂത്രണം

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ മൂന്നാം വാർഷിക പദ്ധതി തദ്ദേശ സ്വയംഭരണ വകുപ്പിൻ്റെ ജി.ഒ(എം എസ്) നം. 11/2018 തീ. 29.01.2018, ജി.ഒ(എം എസ്) നം. 22/2018 തീ. 14.02.2018 എന്നിവ അവലംബമാക്കിയാണ് ആസൂത്രണം ചെയ്തത്.

**അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിൻ്റെ വിവരം താഴെ ചേർക്കുന്നു.**

| അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | പദ്ധതി അടങ്കൽ | നടപ്പാക്കിയവ | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയവ | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 154 | 58284294 | 95 | 26222385 | 16 | 59 | 62 |

**നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിശദാംശങ്ങൾ**

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 07 | 05 | 2274545 | 829791 |
| വെറ്ററിനനറി സർജൻ | 02 | 02 | 94550 | 94550 |
| MO(PHC) | 04 | 02 | 935000 | 563080 |
| MO(ISM) | 02 | 02 | 300000 | 285000 |
| | | | | |

| | | | | |
|---|---|---|---|---|
| MO(Homoeo) | 03 | 03 | 85000 | 85000 |
| VEO | 12 | 09 | 18984844 | 10052200 |
| ICDS | 05 | 03 | 3026338 | 1189470 |
| Secretary | 63 | 37 | 13138195 | 3901798 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 02 | 02 | 1006519 | 348658 |
| ഹെഡ്മാസ്റ്റർ GLPS | 01 | 01 | 379123 | 270072 |
| AE,LSGD | 53 | 29 | 18060180 | 8602760 |
| ആകെ | 154 | 95 | 58284294 | 26222385 |

**ശ്രദ്ധേയമായ പരാമർശങ്ങൾ**

വാർഷിക പദ്ധതിയിൽ ഏറ്റെടുത്തവയിലേറെയും ആവർത്തനസ്വഭാവമുള്ള പതിവു ശൈലീ പ്രോജക്ടുകളാണ്. സ്പിൽ ഓവർ പ്രോജക്ടുകളുടെ എണ്ണം ഓരോ വർഷവും വർദ്ധിക്കുന്നത് തുടർന്നുള്ള വർഷത്തെ പദ്ധതി വിഭവസ്രോതസുകളെ സാരമായി ബാധിക്കുന്നു. . തൻവർഷ പദ്ധതിയിൽ ഉൾപ്പെട്ട 154 പ്രോജക്ടുകളിൽ 54 എണ്ണവും സ്പിൽ ഓവർ ആയിരുന്നുവെന്ന വസ്തുത പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സർക്കാർ ഈ വിഷയത്തിൽ കർക്കശമായ നിലപാട് സ്വീകരിച്ചതോടെ അനിവാര്യ – മേഖലാപരമായ വകയിരുത്തലുകൾക്കു ശേഷം പുതിയ പ്രോജക്ടുകൾക്ക് തുക കണ്ടെത്താനാകാത്ത സ്ഥിതി വിശേഷമാണ് നിലനിൽക്കുന്നത്.

തനതു ഫണ്ട് മിച്ചം തുലോം കുറവാണെങ്കിലും അവ പരമാവധി പെരുപ്പിച്ചാണ് വാർഷിക പദ്ധതിക്കായി വകയിരുത്തുന്നത്. തൻമൂലം യഥാർത്ഥ നിർവഹണവേളയിൽ ഫണ്ട് കണ്ടെത്താൻ സാധിക്കാത്ത സാഹചര്യം മുൻനിർത്തി പല പ്രോജക്ടുകളും ഉപേക്ഷിക്കേണ്ടതായോ തുക നൽകുന്നതിന് സ്പിൽ ഓവറായി പ്രോജക്ട് നിലനിർത്തേണ്ടതായോ വരുന്നു.

156 ഗുണഭോക്താക്കൾക്ക് LIFE-ൽ ഉൾപ്പെടുത്തി ഗൃഹനിർമാണം പൂർത്തിയാക്കാൻ ധനസഹായം നൽകിയത് മികച്ച പദ്ധതി നേട്ടമായി.

പഞ്ചായത്തിന്റെ ഭൂപ്രകൃതി, സാമൂഹ്യ-സാമ്പത്തിക സ്ഥിതി എന്നിവയ്ക്ക് അനുയോജ്യമായതും നൂതനവുമായ അനേകം പ്രോജക്ടുകൾ മാർഗരേഖയിൽ പ്രതിപാദിക്കുന്നുവെങ്കിലും അവ വാർഷികപദ്ധതിയുടെ ഭാഗമാക്കാത്തത് പോരായ്മയാണ്.

ഭരണസമിതി, വികസന സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയൊഴികെയുള്ള സമിതികളുടെ കാര്യമായ ഇടപെടലുകൾ പദ്ധതി ആസൂത്രണ-നിർവഹണ ഘട്ടങ്ങളിൽ ഉണ്ടായതായി രേഖ സൂക്ഷിച്ചിട്ടില്ല.

**അഗതി രഹിതകേരളം പദ്ധതി നടത്തിപ്പിൽ കാര്യമായ പുരോഗതിയില്ല**

വിവിധ കുടിവെള്ള പ്രോജക്ടുകൾക്കായി ഭൂജലവകുപ്പിൽ തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും അവയുടെ പൂർത്തീകരണ – തുക വിനിയോഗ വിവരങ്ങൾ നിർവഹണ ഏജൻസി കൈമാറിയിട്ടില്ല.

**1-6 രജിസ്റ്ററുകളുടെ പരിപാലനം**

ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകളായ മുൻകൂർ രജിസ്റ്റർ, വായ്പ രജിസ്റ്റർ, ആസ്തി രജിസ്റ്റർ തുടങ്ങിയവ തൃപ്തികരമായി പരിപാലിക്കുന്നില്ല. പർച്ചേസ് കമ്മിറ്റി മിനിട്സ്, പ്രൊക്യർമെന്റ് കമ്മിറ്റി മിനിട്സ് എന്നിവ തൃപ്തികരമായി പരിപാലിക്കുന്നുണ്ട്. വിവിധ നികുതി-നികുതിയിതര വരവുകളുടെ ഡി.സി.ബി രജിസ്റ്ററുകൾ കൃത്യതയോടെ പരിപാലിക്കുന്നില്ല. രജിസററുകളിലെ തുകകളും വാർഷിക കണക്കുകളിലെ തുകകളും തമ്മിൽ വ്യത്യാസമുണ്ട്.

**1-6-1 ഡെപ്പോസിറ്റ് രജിസ്റ്റർ**

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ഡെപ്പോസിറ്റുകളുടെ റീഫണ്ട് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി അധികൃതമാക്കിയിട്ടില്ല. 31.03.2020-ന് ശേഷമുള്ള വിവരങ്ങൾ

രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 2019-20 സാമ്പത്തിക വർഷത്തെ ഡെപ്പോസിറ്റ് വരവ്, റീഫണ്ട്, നീക്കിയിരിപ്പ് വിവരങ്ങൾ പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**1-6-2 മുൻകൂർ രജിസ്റ്റർ**

മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള ഓണം മുൻകൂർ വിവരങ്ങൾ സെക്രട്ടറിയോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ വിവരങ്ങൾ സാക്ഷ്യപ്പെടുത്തുന്നില്ല. വാർഷിക കണക്കുകൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ, മറ്റുള്ളവർക്കുള്ള മുൻകൂർ എന്നിവയിൽ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ, രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

**1-6-3 റിക്കവറി രജിസ്റ്ററുകൾ**

എല്ലാ മാസത്തെയും ശമ്പളത്തിൽ നിന്നുമുള്ള റിക്കവറികളുടെ വിവരങ്ങൾ അതത് റിക്കവറി രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ, സെക്രട്ടറിയോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ റിക്കവറി വിവരങ്ങൾ സാക്ഷ്യപ്പെടുത്തുന്നില്ല.

**1-6-4 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ**

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

**1-6-5 സ്റ്റോക്ക് രജിസ്റ്റർ**

വാങ്ങിയ സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/ വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ വാറണ്ടി സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി പരിശോധന റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**1-6-6 ആസ്തി രജിസ്റ്റർ**

ഗ്രാമപഞ്ചായത്തിന്റെ സ്ഥാവര-ജംഗമ ആസ്തികൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ അനേകം ഉത്തരവുകളിലൂടെ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ നടപ്പായിട്ടില്ല. 2005-06 വരെയുള്ള വിവരങ്ങൾ മാത്രമാണ് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ അടങ്ങിയിട്ടുള്ളത്. 2012-13 മുതൽ അതാത് വർഷം ആർജ്ജിക്കുന്ന ആസ്തികളുടെ വിവരങ്ങൾ സാംഖ്യയിൽ ഉൾപ്പെടുത്തി വരുന്നതായാണ് അധികൃതർ അറിയിച്ചത്. ഭാഗികമായ ഇത്തരം രേഖപ്പെടുത്തലുകൾ കണക്കുകളുടെ പൂർണതയ്ക്ക് പര്യാപ്തമല്ലാത്തതിനാൽ തുടക്കം മുതൽ പഞ്ചായത്ത് കരസ്ഥമാക്കിയ ആസ്തികളുടെ കൃത്യമായ വിവരങ്ങൾ ശേഖരിച്ച് അധികൃതമാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-7 ക്യാഷ് പരിശോധന**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.03.2021 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹250/- (ഇരുന്നൂറ്റി അമ്പത് രൂപ മാത്രം) ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-8 സാമൂഹ്യ സുരക്ഷാ പെൻഷൻ**

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 9720 | 8 |
| കർഷകതൊഴിലാളി പെൻഷൻ | 2239800 | 320 |
| വാർദ്ധക്യകാലപെൻഷൻ | 10398200 | 802 |
| 50 വയസിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 67200 | 8 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |

## 1-9 വസ്തു നികുതി-വാർഷിക കണക്കുകളും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല

നികുതി നികതിയിതര വരവുകളുടെ ഡിമാന്റിലും വരവിലും വാർഷിക കണക്കുകൾ, രജിസ്റ്ററുകൾ തമ്മിൽ വ്യത്യസമുണ്ട്.

| ഇനം | വാർഷിക കണക്കുകൾ പ്രകാരമുള്ള | | | രജിസ്റ്റർ പ്രകാരമുള്ള | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| വസ്തു നികുതി-തൻവർഷം | 1652408 | 1602860 | 48074 | 1656428 | 1662174 | 0 |

ഡിമാന്റിലും കളക്ഷനിലും മാറ്റം വന്നതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-10 കൃഷി ഓഫീസർ രസീത് ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്തിൽ നിന്നും കൈപ്പറ്റിയ താഴെപ്പറയുന്ന രസീത് ബുക്കുകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

| രസീത് ബുക്ക് നം | കൈപ്പറ്റിയ തീയതി |
|---|---|
| 53225 | 2/2020 |
| 53227 | 14/2/2020 |
| 53229 | 18/2/2020 |
| 53230 | 26/2/2020 |
| 53231 | 5/3/2020 |
| 53232 | 9/3/2020 |
| 53233 | 3/2020 |
| 53235 | 3/2020 |
| 53236 | 4/2020 |
| 53237 | 4/2020 |

രസീതുബുക്കുകൾ ഹാജരാക്കുന്നതിനായി ഓഡിറ്റ് റിക്വസിഷൻ (1) 8-3-20201 നൽകിയെങ്കിലും മുൻ കൃഷി ഓഫീസർ രേഖകൾ കൈമാറിത്തന്നിട്ടില്ല എന്ന മറുപടിയാണ് നൽകിയത്. രസീത് ബുക്കുകൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-11 ലൈസൻസ് അനുവദിക്കുന്നതിലെ അപാകതകൾ

1996ലെ കേരള പഞ്ചായത്ത് രാജ് **(Dangerous And Offensive Trade License)** ചട്ടങ്ങൾ എസ്. ആർ.ഒ. നം. 674/2017/എൽ.എസ്.ജി.ഡി. തീയതി.31.10.2017 പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്. ഇതിലൂടെ ചട്ടങ്ങളുടെ പേര്, 2017-ലെ കേരള പഞ്ചായത്ത് രാജ് **(Issue Of License To Factories, Trades, Entrepreneurship Activities And Other Services)** ചട്ടങ്ങൾ എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്.ഈ ഭേദഗതിയിൽ ഷെഡ്യൂൾ I ലെ ക്രമ

നം പ്രകാരം അബ്കാരി ഷാപ്പുകളിലെ സംഭരണവും വിൽപ്പനയും നടത്തുന്നതിനും, 149 (റീട്ടെയിൽ റേഷൻ ഡിപ്പോ), എന്നിവയ്ക്ക് ലൈസൻസ് നിർബന്ധമാണെന്ന് നിഷ്കർശിച്ചിരിക്കെ പഞ്ചായത്തിന്റെ പരിധിയിൽ പ്രവൃത്തിക്കുന്ന **എട്ട് (8) റേഷൻ കടകളിൽ നിന്നും** ഓഡിറ്റ് വർഷം ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232 പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലെന്ന് നിഷ്കർഷിച്ചിരിക്കുന്നു.

സഞ്ചയ സോഫ്റ്റ് വെയറിൽ ക്രോഡീകരിച്ചിട്ടുള്ള വിവരങ്ങൾ പ്രകാരം “വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ “ എന്ന ഗണത്തിൽ 386 കെട്ടിടങ്ങൾക്കാണ് നികുതി നിർണയിച്ചിട്ടുള്ളത് . കൂടാതെ റിസോർട്ട് , ഹോംസ്റ്റേ, ഓഫീസ് , എന്ന പേരിൽ വേറെയും 41 കെട്ടിടങ്ങൾക്ക് നികുതി ഡിമാന്റ് ചെയ്തിട്ടുണ്ട് . എന്നാൽ ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം 72 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസിന് അപേക്ഷിക്കുകയും നേടുകയും ചെയ്തിരിക്കുന്നത് .ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് പ്രത്യേകം നമ്പറുകൾ നൽകിയതിനാലാണോ ഇത്രയധികം വാണിജ്യകെട്ടിടങ്ങൾ വർദ്ധിച്ചതെന്ന് വ്യക്തമല്ല. അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട മൂലധനനിക്ഷേപം സംബന്ധിച്ച സത്യവാങ്മൂലം പല ലൈസൻസ് അപേക്ഷകളോടൊപ്പവും കാണുന്നില്ല. മുൻപു നിലവിലിരുന്ന അപേക്ഷാഫോമും 2017-ലെ ചട്ടങ്ങൾ പ്രകാരം പരിഷ്കരിച്ച അപേക്ഷഫോമുകളും തൻവർഷം ലൈസൻസ് നേടുന്നതിനായി ഉപയോഗിച്ചിട്ടുണ്ട്. അപേക്ഷകൾ ഒന്നും തന്നെ ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ (ഫെബ്രുവരിയിലെ അവസാന പ്രവൃത്തി ദിവസത്തിനുള്ളിൽ) സമർപ്പിച്ചിട്ടില്ല. സ്ഥാപനങ്ങൾ എല്ലാം മാർച്ചിനു ശേഷമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ലൈസൻസ് പുതുക്കിയ സ്ഥാപനങ്ങൾ , പുതിയതായി ലൈസൻസ് അനുവദിക്കപ്പെട്ട സ്ഥാപനങ്ങൾ എന്നിവയുടെ എണ്ണം സംബന്ധിച്ച കൃത്യമായ കണക്കില്ല. ലൈസൻസ് പുതുക്കൽ, പുതിയ ലൈസൻസ് അപേക്ഷ, വിറ്റുവരവ്, മൂലധനനിക്ഷേപം, തീയതി തുടങ്ങിയ കോളങ്ങൾ പല അപേക്ഷകളിലും പൂരിപ്പിച്ചിട്ടില്ല. ലൈസൻസ് അപേക്ഷയിലെ രേഖപ്പെടുത്തലുകളുടെ ആധികാരികത ഉറപ്പു വരുത്തി ലൈസൻസ് അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2017-ലെ ചട്ടങ്ങൾ പ്രകാരം പുതുക്കിയ സ്ലാബ് പ്രകാരമുള്ള നിരക്കുകൾ ഈടാക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിച്ച് അർഹമായ ഫീസുകൾ ഈടാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്

## 1-12 വസ്തു നികുതി- നികുതി നിർണ്ണയിച്ചതിൽ കുറവ്

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കുമുള്ള ലൈസൻസ് അപേക്ഷകർ തങ്ങളുടെ അപേക്ഷകളിൽ സമർപ്പിച്ചിരിക്കുന്ന വസ്തുതകൾ, സഞ്ചയയിലെ വസ്തുനികുതി നിർണ്ണയ രേഖകൾ അടിസ്ഥാനമാക്കി പരിശോധിച്ചതിൽ, ശ്രീ. കെ.വി. പോൾ എന്ന വ്യക്തിയുടെ പേരിലുള്ള കെട്ടിടത്തിന്റെ നികുതി, യഥാർത്ഥത്തിൽ ഡിമാന്റ് ചെയ്യേണ്ട നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിലാണ് നിർണയിച്ചതെന്ന് കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| അപേക്ഷകന്റെ പേര് | വാർഡ്/ നം | ലൈസൻസ് ആവശ്യം | കെട്ടിടത്തിന്റെ വിസ്തീർണ്ണം, | നിർണ്ണയിച്ച നികുതി നിരക്ക് | ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് വിജ്ഞാപനം ചെയ്തത് പ്രകാരം ബാധകമായ നിരക്ക് |
|---|---|---|---|---|---|
| ശ്രീ.കെ.വി പോൾ | IX/262 | റിസോർട്ട് | 190 ച.മീ | ₹ 50 | ₹ 60 |

മേൽ കെട്ടിടം വാണിജ്യാവശ്യത്തിനുള്ള ഹോട്ടൽ, റെസ്റ്റോറന്റ്, ഷോപ്പുകൾ എന്ന ഗണത്തിലാണ് സഞ്ചയയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്നാണ് ഇതു സംബന്ധിച്ച അന്വേഷണകുറിപ്പിനുള്ള (നം. 1) മറുപടിയിൽ വിശദീകരിച്ചിട്ടുള്ളത്. 100ച.മീ മുകളിൽ വിസ്തീർണ്ണം വരുന്ന വാണിജ്യാവശ്യത്തിനുള്ള ഹോട്ടൽ, റെസ്റ്റോറന്റ്, ഷോപ്പുകൾ എന്ന ഗണത്തിൽ വരുന്ന കെട്ടിടങ്ങൾക്ക് ₹60/- ആണ് നിർണ്ണയിക്കേണ്ട നികുതി നിരക്ക്. സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പഞ്ചായത്തിന് അർഹമായ നികുതി നഷ്ടമാകാതെ

ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ സഞ്ചയയിൽ നികുതി നിർണ്ണയം നടത്തിയിരിക്കുന്ന വിവിധ ഉപയോഗക്രമത്തിലുള്ള എല്ലാ കെട്ടിടങ്ങളുടെയും നികുതി നിരക്കുകൾ കൃത്യമായാണോ നിർണ്ണയിച്ചിരിക്കുന്നത് എന്ന് പരിശോധിക്കുകയും നിർണ്ണയിച്ചിരിക്കുന്ന നിരക്കുകളിൽ വ്യത്യാസമുണ്ടെങ്കിൽ കൃത്യമാക്കി വരുമാനചോർച്ച വരാതിരിക്കുവാൻ ശ്രദ്ധിക്കുകയും ചെയ്യേണ്ടതാണ്.

## 1-13 കൃഷി ഓഫീസർ - പദ്ധതികളുടെ ഫയലുകൾ ഹാജരാക്കിയില്ല

2019-20 വർഷം കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികളുടെ ഫയലുകളും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് (പ്രോജക്റ്റ് നം) | തുക ₹ |
|---|---|---|
| 1 | കുടുംബശ്രീ അംഗങ്ങൾക്ക് സ്വയം തൊഴിലിന് കാട് വെട്ട് യന്ത്രം (75/20) | 40000 |
| 2 | അടുക്കളത്തോട്ട പച്ചക്കറി കൃഷിക്ക് ധന സഹായം (76/20) | 326500 |
| 3 | നെൽ കർഷകർക്ക് കൂലിച്ചെലവിന് സബ്സിഡി (77/20) | 12580 |
| 4 | കേടായ തെങ്ങുകൾ മുറിച്ചുമാറ്റലും പുതിയ തൈകൾ വിതരണവും (78/20) | 399975 |
| 5 | തെങ്ങിൻതൈ വിതരണം (139/20) | 50736 |
| | ആകെ | 829791 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് റിക്വിസിഷൻ നം.1/9.3.21-ന് നിലവിലുള്ള കൃഷി ഓഫീസർ 9.3.21-ൽ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2019-20-ൽ നിർവഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ ശ്രീ യു.എം. അനിൽകുമാർ സ്ഥലം മാറിപ്പോയപ്പോൾ ഫയലുകൾ കൈമാറി തന്നിട്ടില്ലായെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഫയലുകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ₹829791/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-14 ആയുർവേദ മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ (ആയുർവേദം) നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതികളിൽ മരുന്ന ലഭിക്കുന്നതിനായി തൃശ്ശൂർ ആയുർധാര ഫാർമസ്യൂട്ടിക്കലിന് പണം നൽകിയെങ്കിലും മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി/നം. | തുക ₹ | മരുന്നുകൾ ലഭിച്ചത് | മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നത് |
|---|---|---|---|---|
| 1 | ഉപ്പുതോട് ഗവ. ആയുർവേദ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ (16/20) | 200000<br>ബിൽ നം.1/19-20/ 21.2.20 | 181993 | 18007 |
| 2 | ഡബിൾകട്ടിംഗ് ആയുർവേദ മൊബൈൽ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ, വാഹന ഇന്ധന തുക മറ്റ് അനുബന്ധ ചെലവുകൾ (18/20) | 85000<br>ബിൽ നം.2/19-20/ 16.3.20 | ഇല്ല | 85000 |

മരുന്നുകൾ ലഭ്യമാകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതുമാണ്.

## 1-15 ഗ്രാമസഭാ സംഘാടനം

വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയുടെ അടിസ്ഥാനശിലയാണ് ഗ്രാമസഭ. ഗ്രാമസഭകളുടെ അർത്ഥപൂർണമായ സംഘാടനം ഇക്കാരണം കൊണ്ടുതന്നെ നിർണായകമാണ്. യോഗതീരുമാനങ്ങളുടെ രേഖ സൂക്ഷിപ്പ് വാർഷിക പദ്ധതികളുടെ ആസൂത്രണം, നിർവഹണം, വിലയിരുത്തൽ എന്നീ പ്രക്രിയകളുടെ സുതാര്യത ഉറപ്പ് വരുത്തുന്നു. പദ്ധതി നടത്തിപ്പിൽ ഗ്രാമസഭകൾക്ക് ഇത്രയേറെ പ്രാധാന്യം 1994-ലെ കേരള

പഞ്ചായത്ത് രാജ് നിയമം പകർന്ന് നൽകിയിട്ടും ഗ്രാമപഞ്ചായത്തിന്റെ വാർഷികപദ്ധതികളിൽ ഇത് പ്രതിഫലിക്കുന്നില്ലായെന്ന് രേഖകൾ വ്യക്തമാക്കുന്നു. ഗ്രാമസഭകളിൽ ജനപങ്കാളിത്തം വളരെ ശുഷ്കമാണ്. യഥാർത്ഥ ക്വോറമായ 10 ശതമാനം ജനങ്ങളുടെ ഹാജർ മാത്രമാണ് മിക്ക മിനിട്സ് ബുക്കുകളിലും രേഖപ്പെടുത്തിയിട്ടുള്ളത്. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടക്കുന്ന ഗ്രാമസഭകൾ മാത്രമാണ് ഇതിനൊരു അപവാദം. പദ്ധതി ആസൂത്രണത്തിൽ ജനങ്ങളുടെ താത്പര്യക്കുറവ് അധികാരം ഉദ്യോഗസ്ഥവൃന്ദങ്ങളിലേക്ക് കേന്ദ്രീകരിക്കാനും വികേന്ദ്രീകൃത ആസൂത്രണ തത്വത്തിന്റെ അന്തഃസത്ത തന്നെ ചോദ്യം ചെയ്യപ്പെടാനും ഇടവരുത്തുന്നതാണ്. ജനങ്ങൾ അവർക്കാവശ്യമായ പദ്ധതികൾ നേരിട്ട് ആസൂത്രണം ചെയ്യുകയും അവ പങ്കാളിത്തത്തോടെ നടപ്പാക്കി, കാര്യക്ഷമത കൂട്ടായി വിലയിരുത്തുകയും ചെയ്യുന്ന ഉദാത്ത രീതിയിലേക്ക് വാർഷിക പദ്ധതി നടത്തിപ്പ് എത്തിക്കുന്നതിന് കൂട്ടായ ശ്രമവും ബോധവത്ക്കരണവും അനിവാര്യമാണ്. ഈ ഗൌരവമേറിയ ചുവടുവെയ്പിലേക്ക് കടക്കുന്നതിന് എല്ലാ ക്രിയാത്മക പ്രവർത്തനങ്ങളും നടത്തുന്നതിനായി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-16 വരവുകളുടെ വിവരം ലഭ്യമല്ല

വാർഷിക ധനകാര്യ പത്രികയിലെ RP-31 ഉപപത്രികയിൽ 320300199 ശീർഷകത്തിൻ കീഴിൽ 4920577 രൂപയുടെ വരവു തുക ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിൽ ഉൾപ്പെട്ട ഗ്രാന്റുകളുടെ വിശദാംശങ്ങൾ ലഭ്യമായിരുന്നില്ല. അത് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വരവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| വാർഷിക ഓഡിറ്റിനൊപ്പം പരിശോധിച്ചു | | |

### 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | തൻവർഷ ചെലവ് | നീക്കിയിരിപ്പ് | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|---|
| ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1347700 | ലൈഫ് ഭവനപദ്ധതി | 209900 | 40000 | മുൻവർഷ ചെലവ് ₹ 1097800 ഉൾപ്പെടെ ആകെ ₹ 1307700 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട് |

**4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ**

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കരിമ്പൻ ജി എൽ പി എസ് കുഴൽക്കിണറും അനുബന്ധ സൌകര്യങ്ങളും | ബിൽ നം 22/2019-20 തീയതി 1.8.2019 | 56710 | ലഭ്യമല്ല | ലഭ്യമല്ല |
| | കുതിരക്കല്ല് – ജി എൽ പി എസ് കുഴൽക്കിണർ പൂർത്തീകരണം | ബിൽ നം 54/2019-20 തീയതി 31.1.2020 | 14005 | ലഭ്യമല്ല | ലഭ്യമല്ല |
| ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കച്ചറസിറ്റി കുടിവെള്ള പദ്ധതി | ബിൽ നം 76/2019-20 തീയിതി 30.3.2020 | 52110 | ലഭ്യമല്ല | ലഭ്യമല്ല |
| ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ഉപ്പുതോട് കൊട്ടാരംപടി ഭാഗത്ത് കുഴൽക്കിണർ നിർമ്മാണം | ബിൽ നം 75/2019-20 തീയതി 30.3.2020 | 47350 | ലഭ്യമല്ല | ലഭ്യമല്ല |
| കുടുംബശ്രീ ജില്ലാ മിഷൻ | എ ബി സി പ്രോഗ്രാം | ബിൽ നം 42/219-20 തീയതി 16.12.2019 | 21000 | ലഭ്യമല്ല | ലഭ്യമല്ല |

**4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

ഇല്ല

**4-5 വായ്പ / വായ്പാതിരിച്ചടവ്**

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹8540000 വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച ലോൺ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ലോൺ തിരിച്ചടവ് | സഉ.(സാധാ) നം.1095/2010/ തസ്വഭവ. തീ.23.03.2010 | 7950000 | 257297 | 0 | 257297 | 0 | 0 |
| ലൈഫ് ഭവന പദ്ധതി | സഉ.(സാധാ) നം.688/2019/ തസ്വഭവ. തീ.22.03.2019 | 12960000 | 4420000 | 8540000 | 352941 | 0 | 12607059 |

പ്രോജക്ട് നം. S 149/20, S 150/20 എന്നിവ പ്രകാരം യഥാക്രമം ₹345588, ₹ 7353 ഉൾപ്പെടെ ആകെ ₹ 352941 തൻവർഷം KURDFC ലോൺ തിരിച്ചടവ് ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ധനകാര്യ പത്രികയുടെ B5 പത്രിക പ്രകാരം ടി ലോൺ ബാധ്യത ₹10939412 മാത്രമാണ്. ഇ.എം.എസ് ലോൺ തൻവർഷം പൂർണ്ണമായി തിരിച്ചടച്ചിട്ടുള്ളതാണ്. എന്നാൽ ₹232500/- ശേഷിക്കുന്നതായാണ് കണക്കുകളിൽ പരാമർശിച്ചിട്ടുള്ളത്. ഋണബാദ്ധ്യത കണക്കുകളിലെ പ്രസ്തുത പൊരുത്തക്കേടുകൾ വിശദീകരിക്കേണ്ടതാണ്.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 3-40 | 2001-02 | V.6.1 | ക്ഷീരവികസന ബോധവൽക്കരണം - തുക ദുർവിനിയോഗം ചെയ്തു | |
| 2003-04 | 3-3 | 2006-07 | 3.35.2 | ഓഡിറ്റ് സമയത്ത് വൗച്ചറുകൾ ഫയലുകൾ, കൈപ്പറ്റ് രസീതുകൾ ഹാജരാക്കിയില്ല | |
| 2003-04 | 2-1 | 2006-07 | 3.35.3 | നിയമപരമായ രജിസ്റ്ററുകൾ എഴുതുന്നില്ല | |
| 2008-09 | 3-3 | 2011-12 | 2-4 | വെർമികമ്പോസ്റ്റ് – ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ധനസഹായം ₹2,000/- | |
| 2009-10 | 3-7 | 2011-12 | 2-4 | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ധനസഹായം ₹18,400/- | |

## 4-9 9ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| | | | | ചാർജ് സർട്ടിഫിക്കറ്റ് | | | | കോടതി വ്യവഹാരങ്ങളിൽ/ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം., ഭരണ വകുപ്പ് | നം./തീയതി | തുക | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക, തീയതി | (ഉൾപ്പെട്ട തുക | ഈടാക്കിയ തുക | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1998-99 | 20(1), (2),23 | കെ. കുട്ടപ്പൻ | LF.16858/SC2/ 02/27.03.03 | 842 | 200 | ഇല്ല | ഇല്ല | ഇല്ല | 200 | 642 | |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| | | | | സർചാർജ് സർട്ടിഫിക്കറ്റ് | | | | കോടതി വ്യവഹാരങ്ങളിൽ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദി യായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം., ഭരണ വകുപ്പ് | നം./തീയതി | തുക | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക, തീയതി | (ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1997-98 | 33 | സി.ബേബിച്ചൻ സെക്രട്ടറി | LF.20916/ Spl.Cell/ SC2/01/ 8.1.02 | 4399/- | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4399/- | - |
| 2 | 1997-98 | 36(1) | സി. ബേബിച്ചൻ സെക്രട്ടറി | LF.20916/ Spl.Cell/ SC2/01/8.1.02 | 5001/- | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 5001/- | - |
| 3 | 1997-98 | 36(2) | സി. ബേബിച്ചൻ സെക്രട്ടറി | LF.20916/ Spl.Cell/ SC2/01/8.1.02 | 24000/- | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 24000/- | - |
| 4 | 1997-98 | 36(3) | സി. ബേബിച്ചൻ സെക്രട്ടറി | LF.20916/ Spl.Cell/ SC2/01/8.1.02 | 297051 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 297051 | - |
| 5 | 1998-99 | 29, 39, 35, 41, 42 | കെ. കുട്ടപ്പൻ, സെക്രട്ടറി | LF.16858/ SC2/02/ 27.3.03 | 108664 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 108664 | - |
| 6 | 1998-99 | 48(1),(2), (3), (4) | ജി. സന്തോഷ് കുമാർ, കൃഷി ഓഫീസർ | LF.16858/ Spl.Cell/ SC2/2002 Dtd.19.05.2003 | 34492 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 34492 | - |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 7 | 1999-2000 | 26(1, 2), 31, 32 | കെ. കട്ടപ്പൻ, സെക്രട്ടറി | LF.19012/SC2/02/ Dt. 2.6.03 | 55947 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 55947 | - |
| 8 | 2000-01 | 30 | കെ. കട്ടപ്പൻ, സെക്രട്ടറി | LF.15406/ Sp.Cell (SC.2)/2004 Dtd.20-04-05 | 940 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 940 | - |
| 9 | 2003-4 | 3-5 | കെ. എസ്. രാജീവ്, സെക്രട്ടറി | LF.14741/ Sp.Cell (SC.2)/2007 Dtd.19.10.09 | 23633 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 23633 | |
| 10 | 2003-04 | 3.6 | പുഷ്പവല്ലി എ.ജി., കൃഷി ഓഫീസർ | LF-14741/Spl. Cell/SC2/07 Dt.31.3.2009 | 12990 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 12990 | - |
| 11 | 2008-09 | 3.6 | ശ്രീമതി സുജ ജേക്കബ്, ICDS സൂപ്പർവൈസർ | LF.22680/Spl. Cell/ CSC/C1/ 2012/23.5.14/ 20.8.14 | 9106 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 9106 | - |
| 12 | 2010-11 & 11-12 | 3.3 | ശ്രീമതി ലൈലാ തോമസ്, കൃഷി ഓഫീസർ | LF-17690/Spl. Cell/CSC/ C1/14(1)/ Dt. 8.9.17 | 19000 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 19000 | - |
| 13 | 2010-11 & 11-12 | 3-5 | ജോസഫ് മാത്യു, സെക്രട്ടറി | LF-17690/Spl. Cell/CSC/ C1/14/ Dt. 14.7.17 | 10050 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 10050 | - |

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 43009885 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 43085936 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹829791 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 829791 | ശ്രീ. യു.എം. അനിൽകുമാർ, കൃഷി ഓഫീസർ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

| |
|---|
| ഇല്ല |

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. യു.എം. അനിൽകുമാർ , കൃഷി ഓഫീസർ | കൃഷി ഓഫീസർ, മേലുകാവ് ഗ്രാമപഞ്ചായത്ത് | ഉറുമ്പിൽ ഹൌസ്,<br>കുവക്കണ്ടം പി,ഒ,<br>പൂമാല,<br>ഇടുക്കി ജില്ല |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് (ഖണ്ഡിക നം.) |
|---|---|---|---|
| 1976-77 | എൽ.എഫ്.ഐ.-5/1998/04.05.1998 | | |
| 1977-78 | എൽ.എഫ്.ഐ.-5/1025/82/20.01.1998 | | |
| 1980-81 | എൽ.എഫ്.ഐ-5/191/98/04.05.1998 | | |
| 1981-82 | എൽ.എഫ്.ഐ.-5/874/86/12.11.1987 | | |
| 1982-83 | എൽ.എഫ്.ഐ.-5/100/91/12.12.1991 | | |
| 1983-84 | എൽ.എഫ്.ഐ.-5/100/91(2)/ 27.12.1991 | | |
| 1984-85 | എൽ.എഫ്.ഐ.-5/100/91(3)/ 27.12.1991 | | |
| 1985-86 | എൽ.എഫ്.ഐ.-5/100/91(4)/ 27.12.1991 | | |
| 1986-87 | എൽ.എഫ്.ഐ.-5/223/91/12.10.1992 | | |
| 1987-88 | എൽ.എഫ്.ഐ.-5/391/93/22.05.1995 | | |
| 1988-89 & 1989-90 | എൽ.എഫ്.ഐ.-5/69/93/22.06.1993 | | |
| 1990-91 & 1991-92 | എൽ.എഫ്.ഐ.-5/5/94/18.04.1994 | | |
| 1992-93 & 1993-94 | എൽ.എഫ്.ഐ.-5/520/95/25.03.1996 | | |
| 1994-95 | എൽ.എഫ്.ഐ.-5/283/96/08.08.1996 | | |
| 1997-98 | കെ.എസ്.എ-ഐ.ഡി.കെ-13/782/18 തീ.04.06.2018 | 3 | 33, 36(1), 36-2(ബി), 36(3) |
| 1998-99 | കെ.എസ്.എ-ഐ.ഡി.കെ-13/782/18 തീ.04.06.2018 | 5 | 23, 35, 39, 41. 48(1,2,3,4) |

| | | | |
|---|---|---|---|
| 1998-99 | കെ.എസ്.എ-ഐ.ഡി.കെ-13/782/18 തീ.04.06.2018 | 5 | 26(1),26(2), 31, 32, 41 |
| 2000-01 | കെ.എസ്.എ-ഐ.ഡി.കെ-13/782/18 തീ.04.06.2018 | 1 | 30 |
| 2003-04 | കെ.എസ്.എ-ഐ.ഡി.കെ-13/782/18 തീ.04.06.2018 | 3 | 3-3, 3-5, 3-6 |
| 2004-05 | കെ.എസ്.എ-ഐ.ഡി.കെ-13/782/18 തീ.04.06.2018 | 1 | 2-6 |
| 2006-07 | എൽ.എഫ്.ഐ-10/594/09/08.07.10 | | |
| 2007-08 | എൽ.എഫ്.ഐ.-13/1312/12/13.03.13 | 24 | 2(2) മുതൽ 2-8 വരെയും<br>3-1 മുതൽ 3-12 വരെയും |
| 2008-09 | എൽ.എഫ്.ഐ.-13/431/12/10.10.12 | 13 | 2-1 മുതൽ 2-5 വരെ<br>3-1 മുതൽ 3-8 വരെ |
| 2009-10 | എൽ.എഫ്.ഐ.-13/693/12/10.10.12 | 16 | 2-1 മുതൽ 2-5 വരെ<br>3-1 മുതൽ 3-11 വരെ |
| 2010-11<br>&<br>2011-12 | എൽ.എഫ്.ഐ.-13/1221/13/15.10.14 | 12 | 2-1, 2-2,<br>3-1 മുതൽ 3-6 വരെയും<br>3-8, 3-9,3-11, 3-12 |
| 2012-13<br>& 2013-14 | എൽ.എഫ്.ഐ.-13/402/15/13.04.15 | 8 | 2-1 മുതൽ<br>2-5 വരെയും<br>3-3, 3-4, 3-7 |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ.-13/852/16/31.08.16 | 5 | 2-1, 2-2, 3-2,<br>3-3, 3-4 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ.-13/1697/16/20.02.16 | 7 | 2-1, 3-1 മുതൽ<br>3-6 വരെ |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ.-13/250/18/12.03.18 | 4 | 2-1, 3-2,<br>3-3, 3-5 |
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ.-13/1148/18/24.09.2018 | 4 | 1-12, 2-1, 2-2,<br>2-3, 3-1, |
| 2018-19 | നം.കെ.എസ്.എ-ഐ.ഡി.കെ-13/739/2019 തീയതി 17.9.2019 | | |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## <u>അനുബന്ധം-1</u>
## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്